# ഭിന്നശേഷിത്വം വിൽപ്പനക്ക് വച്ചവൻ

രാവിലെ 6.30ന് ഗണേശൻ ജോലിക്കിറങ്ങും. എന്നു വച്ച് കിടക്കപ്പായിൽ നിന്നും അങ്ങിനെ തന്നെയിറങ്ങുമെന്ന് കരുതരുത്. അഞ്ച് മണിക്ക് ഉണർന്ന് വൃത്തി, കുളിപണികളോക്കെ കഴിഞ്ഞ്, കിടപ്പു മുറിയിൽ തന്നെ ഭിത്തിയിൽ തടികൊണ്ടു തീർത്ത അലമാരയിൽ വച്ചിരിക്കുന്ന മുരുകന്റെ പടത്തിനുമുന്നിൽ വിളക്കു കൊളുത്തി വച്ച് ഒരു നിമിഷം കണ്ണടച്ചു നിന്നതിനുശേഷം....

കണ്ണടച്ചു നിൽക്കുമ്പോൾ ഇപ്രാവശ്യത്തെ ബംബർ തനിക്കടിക്കണമെന്നൊന്നും ഒരിക്കലും പ്രാർത്ഥിച്ചിട്ടില്ല. ഒന്നും ഒരിക്കൽ പോലും ആവശ്യപ്പെട്ടിട്ടുമില്ല. കണ്ണടച്ച് ഒരു നിമിഷ നേരത്തെ ധ്യാനം മാത്രം.

അപ്പോഴും കിടക്കപ്പായിൽ നിന്നും രണ്ടു മക്കൾ എഴുന്നേറ്റിട്ടുണ്ടാകില്ല. ഒന്നു കിഴക്കോട്ടും ഒന്നു വടക്കോട്ടുമായിട്ട് കിടക്കുന്നുണ്ടാകും. എന്നു വച്ച് ഗണേശൻ അവരെ ശല്യം ചെയ്ത് വിളിക്കുകയൊന്നുമില്ല. ശല്യം ചെയ്ത് വിളിക്കുകയെന്നു പറഞ്ഞാൽ ഗണേശനെപ്പോലെ ജീവിത സാഹചര്യമുള്ളവർ വിളിക്കുമ്പോലെ രണ്ടു തെറി പറയുകയോ, അല്ലെങ്കിൽ കാലുകൊണ്ട് ഒന്നു തട്ടുകയോ ഒക്കെ....

മക്കളുടെ വലതുവശത്ത് കിടന്നിരുന്ന ഭാര്യ, സജിത എഴുന്നേറ്റ് പോയിട്ടുണ്ടാകും. പക്ഷെ, അവളുടെ പുതപ്പ് കോലം കെട്ട് അവിടെ തന്നെ കിടപ്പുണ്ടാകും. ഗണേശൻ കിടന്നിടം വൃത്തിയായിരിക്കും. തലയിണയെടുത്ത് യഥാസ്ഥാനത്ത് വച്ച്, പുതപ്പു മടക്കി അഴയിൽ തൂക്കി....

സജിത അപ്പോഴേക്കും മുഖം കഴുകി തുവർത്തി, മുടികോതി ഒതുക്കി കെട്ടി, ഒരു ഗ്ലാസ് കട്ടൻ ചായയുമായി ഗണേശന്റെ മുന്നിൽ പുഞ്ചിരിയുമായി നിൽക്കും. അവനും ഒന്നു ചിരിക്കും, നിറഞ്ഞ സന്തോഷത്തിൽ തന്നെ. സജിത നൽകുന്ന ചായ കുടിച്ച് ഗ്ലാസ് തിരികെ കൊടുത്താൽ മുരുകനിരിക്കുന്ന അലമാരയിൽ, മുരുകനോട് ചേർത്തു തന്നെ വച്ചിരിക്കുന്ന ബാഗെടുത്ത്, ഒരിക്കൽ കൂടി വണങ്ങി, സജിതയെ നോക്കി യാത്ര പറയുമ്പോലെ ഒന്നു ചിരിച്ച് പുറത്തേക്കിറങ്ങും......

വലതു കൈയിൽ ബാഗുതൂക്കി ഇടതു വശം ചരിഞ്ഞുള്ള പോക്കു നോക്കി സജിത കുറെ സമയം നിൽക്കും, കൺവെട്ടത്തു നിന്നും മറയുന്നതു വരെ....

വികലാംഗത്വത്തെ , ഭിന്നശേഷിത്വത്തെ കച്ചവടത്തിനു വച്ചവൻ.....

അവളുടെ മനസ്സിൽ അങ്ങിനെ ഒരു തോന്നലുണ്ടാകും, എന്നും. ആ തോന്നൽ അവളുടെ സ്വന്തമല്ല. സ്വന്തമല്ല എന്നു പറഞ്ഞാൽ അവളുടെ ചിന്തയിൽ കുരുത്തതല്ല എന്നർത്ഥം. ഏതോ ഒരു നാട്ടു കവി അങ്ങിനെ കാവ്യാത്മകമായി അലങ്കരിച്ചതാണ്. ആരെന്ന് അവൾക്കറിയില്ല. ഒരു സന്തോഷ നിമിഷത്തിൽ, കുറെ നാളുകൾക്ക് മുമ്പ്, അവന്റെ തളർന്ന ഇടതു കൈ തടവിക്കൊണ്ട്, ഇടതുകാലിൽ മൃദുവായി ഉഴിഞ്ഞുകൊണ്ടവൾ ചോദിച്ചു.

ആരാ അങ്ങിനെ പറഞ്ഞേ....

അറിയില്ല.....

അറിയില്ലെങ്കിലും അറിഞ്ഞാലും ഗണേശന് അതിൽ വിരോധമില്ല. വിരോധമില്ലെന്നു മാത്രമല്ല, ഒരു സത്യമല്ലെ പറഞ്ഞിരിക്കുന്നെന്നാണ് ചിന്തിക്കുന്നത്. ശരിയ്ക്കും ബലഹീനതയെ, ഭിന്നശേഷിയെ കച്ചവടത്തിന് വച്ചിരിക്കുക തന്നെയല്ലെ. വികലാംഗൻ ഭിക്ഷയെടുക്കുന്നത് വ്യാപാരവീക്ഷണത്തിൽ കച്ചവടം തന്നെയാണ്. ഞാൻ കണ്ണില്ലാത്തവനാണ് , കാലില്ലാത്തവനാണ്, ആവതില്ലാത്തവനാണ് എന്തെങ്കിലും തരണമെന്ന് പറയുന്നത് ഭിക്ഷാടനമാണെങ്കിലും അതിലൊരു വ്യാപാരത്തിന്റെ ഉൾക്കാമ്പുണ്ട്. പക്ഷെ, ഗണേശന്റെ ഇടതു കൈയ്ക്കും ഇടതുകാലിനും ശേഷികുറഞ്ഞെങ്കിലും, ഇടതു വശം ചരിഞ്ഞ് ഒത്തിയൊത്തി നടക്കുന്നുണ്ടെങ്കിലും ഭിക്ഷാടനം ചെയ്യുന്നില്ല. വിശകലനം ചെയ്ത് വരുമ്പോളൊരു ഭിക്ഷ തന്നെയാണ് ചോദിക്കുന്നതെങ്കിലും തരുന്ന കാശിന് ഒരു വസ്തു തിരിച്ച് കൊടുക്കുന്നുണ്ട്. ലോട്ടറി ടിക്കറ്റ്. വ്യാജനല്ല, കേരള സർക്കാരിന്റെ സ്വന്തം. പണ്ട് പത്മനാഭന്റെ തുട്ട് എന്നു പറയുന്നതുപോലെ. തെളിച്ചു പറഞ്ഞാൽ മറ്റു തൊഴിലുകൾ എടുക്കാൻ കഴിയാതെ വന്നപ്പോൾ ലോട്ടറി കച്ചവടം തുടങ്ങിയെന്ന് സാരം. കൂടുതലൊന്നുമില്ല, ഒരു സാധാരണ ദിവസത്തൊഴിലുകാരന് കിട്ടുന്ന അത്രയും. അഞ്ഞൂറു മുതൽ ആയിരം വരെ ലാഭം കിട്ടും വിധം. അഞ്ഞൂറ്, അറുനൂറ്, എഴുനൂറ്....ബംബർ ദിവസത്തിൽ ആയിരം വരെ കിട്ടാം.

രാവിലെ മുതൽ ഉച്ചവരെയാണ് ഗണേശന്റെ വ്യാപാരം. നിത്യവും പോകുന്നിടങ്ങളിൽ തന്നെ. സ്ഥിരം ഉപഭോക്താക്കൾ. എന്നും എടുക്കുന്നത് വിറ്റു

തീർന്നിരിക്കും. തീരാതെ വരുന്നത് ബോണസ്സായിട്ടെന്തെങ്കിലും കിട്ടുമെന്ന പ്രതീക്ഷയിൽ സൂക്ഷിക്കും.... കിട്ടിയിട്ടുണ്ട് അഞ്ഞൂറും ആയിരവുമൊക്കെ. വലിയ സ്വപ്നങ്ങളുണ്ട് ഗണേശനും. നല്ലൊരുവീട്, കുട്ടികളുടെ വിദ്യാഭ്യാസം, മൂത്തത് മകളായതു കൊണ്ട് നല്ലൊരു വിവാഹം. രണ്ടാമത്തത് മകനായതു കൊണ്ട് നല്ലൊരു ജോലി. സ്വപ്നങ്ങൾ അങ്ങിനെ അടുത്ത കാലത്ത് സാധിച്ച് തീരാനുള്ളതല്ല. പഞ്ചവത്സര പദ്ധതി പോലെ നീണ്ടു പോകുന്നതാണ്. മകൾക്ക് പത്തു വയസ്സേ ആയിട്ടുള്ളൂ. മകൻ അതിലും താഴെയാണ്. സജിതക്ക് ഇപ്പോഴേ മകളെ കുറിച്ചോർത്തിട്ട് വേവലാതിയാണ്. എങ്ങിനെ വേവലാതിയില്ലാതിരിക്കും എന്നവൾ ചോദിക്കും. ഗണേശന് തറവാട്ടിൽ നിന്നും വീതം കിട്ടിയതുകൊണ്ടാണ് മൂന്നു സെന്റ് സ്ഥലം വാങ്ങിയത്. അവൾക്ക് കിട്ടിയ സ്വർണ്ണത്തുണ്ടുകൾ കൊണ്ടാണതിലൊരു കൂര തീർത്തത്. കൂരയെന്നാൽ നാലു ചുവരുകളും ഹാസ്ബെറ്റോസ് കൊണ്ടൊരു മേൽക്കൂരയും മാത്രം. വെപ്പും തീനും കുടിയും ഇരിപ്പും കിടപ്പും ഉറക്കവുമൊക്കെ അതിൽ തന്നെയായിരുന്നു രണ്ടുകൊല്ലം മുമ്പു വരെ. രണ്ടു കൊല്ലം മുമ്പാണ് ജനകീയാസൂത്രണത്തിന്റെ വീട് കിട്ടിയത്. അതിന് ഗണേശൻ കുറെ നാൾ കൊടിപിടിച്ച് ജാഥകളിലൊക്കെപോകുകയും ജയ് വിളിച്ച് നടക്കുകയും ചെയ്തു. രണ്ടു മുറിയുള്ള വാർക്കവീട്. പഴയ കൂര പൊളിച്ചതു കൊണ്ട് ചാർത്ത് തീർത്ത് അടുക്കള. പുറത്ത് ഒരു വൃത്തിപ്പുര. ഒന്നും തേച്ചു മിനുക്കിയിട്ടില്ല. ജനാലകൾക്കൊന്നും അടപ്പു വച്ചിട്ടില്ല. ജനാല മറച്ചിരിക്കുന്നത് പഴയ സാരികൾ തുന്നിച്ചേർത്താണ്. പുറത്തു നിന്ന് കാറ്റും ഈർപ്പവും കയറാതെ, ജനാലക്ക് പുറത്ത് പ്ലാസ്റ്റിക്ക് ഷീറ്റ് ആണിയടിച്ച് വച്ചിട്ടുണ്ട്. മുന്നിലും പിന്നിലും രണ്ടു കതകുകൾ, പട്ടികയറാതെ. മനുഷ്യന് അതിക്രമിച്ച് കയറുന്നതിന് ഒരു വിഷമവുമില്ല. ശക്തിയായിട്ടൊന്നു തള്ളിയാൽ ഓടാമ്പൽ ഒടിഞ്ഞ് തുറക്കപ്പെടും.

ഉച്ചക്കു മുമ്പായിട്ട് ഗണേശൻ മടങ്ങുന്നത് നല്ല വിശപ്പുമായിട്ടാണ്. സജിത രാവിലെ കൊടുക്കുന്ന കട്ടൻ ചായക്കു ശേഷം വില്പനക്കു കയറുന്ന ചായക്കടയിൽനിന്ന് രണ്ട് ചായകൂടി കുടിച്ചിരിക്കും.

വളവ് തിരിഞ്ഞ് വീട് കണ്ണുകളിൽ പെട്ടപ്പോൾ ഗണേശൻ അമ്പരന്നു പോയി. ഭയം ഉള്ളിൽ മുളച്ച് ശരീരത്തു കൂടി വിറയലായി പടർന്നു. നടപ്പിന് വേഗത കുറഞ്ഞു , കാളി നിന്ന വയർ തണുത്തുറഞ്ഞു. വീട്ടിൽ, മുറ്റത്ത് നിറച്ച്

ആളുകൾ. നിരങ്ങി നീങ്ങുന്ന ചുവടുകളോടെ ഉള്ളിലേക്ക് കയറിയ അവന്റെ മുഖത്തെ അന്ധാളിപ്പ് തിരിച്ചറിഞ്ഞ് വല്ല്യേട്ടൻ പറഞ്ഞു.

ഗണേശാ... ഞങ്ങളെല്ലാരും കൂടി ഒന്നു വന്നുവെന്നേയൊള്ളൂ നീ വെഷമിക്കവോന്നും വേണ്ട....

വീട്ടിലാകെയുള്ള രണ്ടു കസേരകളിൽ രണ്ടു ചേട്ടന്മാർ ഇരിക്കുന്നു. അവരുടെ ഭാര്യമാർ, മക്കൾ, അനുജനും വീട്ടിലുള്ളവരെല്ലാരും, സഹോദരിയും അളിയനും മക്കളും. സജിതയുടെ അമ്മയും അച്ഛനും അളിയനും.....

അവർക്കെല്ലാർക്കും കൂടി ഇരിക്കാൻ പോയിട്ട് നന്നായൊന്ന് നിവർന്ന് നിൽക്കാൻ കൂടിയിടമില്ലാത്ത അവന്റെ വീട്ടിൽ....

പെട്ടന്ന് അവന്റെ ഉള്ളൊന്ന് കാളി. ഇവർക്കൊക്കൂടി വെച്ചു വിളമ്പി കൊടുക്കാൻ സജിത എന്തു ചെയ്തിട്ടുണ്ടാകുമോ ... ആവോ....

അവൻ അടുക്കളയിലേക്ക് കഴുത്ത് നിട്ടി നോക്കി. സജിത അവനെ കണ്ടു.

ഊണൊക്കെ റെഡിയാണേ... എല്ലാർക്കും ഇപ്പത്തരാം....

ഗണേശൻ സമാധാനിച്ചു. കരുതലിൽ നിന്നെടുത്തതായിരിക്കും. പണ്ടത്തെ അമ്മമാർ പിടിയരി സൂക്ഷിക്കുന്നതുപോലെ, നിത്യവും ചെലവിന് ഗണേശൻ കൊടുക്കുന്നതിൽ നിന്നും സ്വരുപിച്ചത്..... അല്ലെങ്കിൽ കടം വാങ്ങിയിരിക്കാം... എന്തായാലും സാഹചര്യത്തിനൊത്ത് സജിത ഉയർന്നിരിക്കുന്നു. ഇതിനു മുമ്പ് ഇത്രയും പേരൊരുമിച്ച് അവന്റെ ഈ വീട്ടിൽ വന്നിട്ടില്ല. അവസാനം എല്ലാവരും കൂടിയത് അമ്മയുടെ മരണത്തിന് തറവാട്ടു വീട്ടിലായിരുന്നു.

അപ്പന്റെ തൊഴിൽ സ്വർപ്പണിയായിരുന്നു. കുലത്തൊഴിൽ. പിതൃത്വ വഴിയെ കിട്ടിയത്. പിതാവ് പേരെടുത്തൊരു സ്വർപ്പണിക്കാരനൊന്നുമായിരുന്നില്ല. പല പേരെടുത്ത പണിക്കാരുടെയും സഹായിയായി നിന്ന് ജീവിച്ചു പോന്നിരുന്ന ഒരാൾ. അന്ന് അത്രക്കൊന്നും സ്വർണ്ണ താല്പര്യമില്ലായിരുന്നു. സ്വർണത്തിൽ മൂടിയ വധുക്കളെയൊന്നും കോടീശ്വര പുത്രികളിൽ പോലും കാണാനുമുണ്ടായിരുന്നല്ല. സ്വർണ്ണത്തിലും മോടിയിലും ആർഭാടങ്ങളിലും ആയിരുന്നില്ല ആസ്തി കണക്കുകൂട്ടലുകൾ. വസ്തു വഹകളിലും വിദ്യാഭ്യാസത്തിലുമായിരുന്നു.

അന്ന് സ്വർണ്ണ വ്യാപാരത്തിന് ലൈസൻസ് കൊടുത്തിരുന്നത് സ്വർപ്പണിക്കാരനായിരുന്നു. പണിയിൽ വലിയ മഹത്വമൊന്നും പറയാനില്ലാതിരുന്ന പൊന്നുമണി മൂപ്പർ ഒരുസാധുവായിരുന്നു.

പച്ചമലയാളത്തിൽപറഞ്ഞാൽ

വെള്ളം ചവച്ചു കുടിക്കുന്നവൻ, ശുദ്ധൻ.

അപ്പന്റെ ലൈസൻസിൽ ഒരു വ്യാപാരി നഗരമദ്ധ്യത്തിൽ തന്നെ ഒരു സ്വർണ്ണക്കട തുടങ്ങി. മോടിയിൽ തന്നെ. വ്യാപാരി വാദ്ഗാനം ചെയ്തതു പോലെ ലക്ഷം വീടുകോളനിയിൽ നിന്നും ഞങ്ങളെ ഒരു കുഞ്ഞ് ഓടിട്ട, മനോഹരമായ വീട്ടിലേക്ക് താമസം മാറ്റി തന്നു. അപ്പനും അമ്മയും അഞ്ചു മക്കളും. വലിയ കാറ്റും കോളും കൊള്ളാതെ പേമാരിയും ഇടിമിന്നലും ഏൽക്കാതെ കഴിഞ്ഞു കൂടി വർഷങ്ങൾ....... വലിയഭാവനയും വൈദഗ്ദ്യവുമില്ലാത്ത അപ്പൻ താരമാലയും ജിമിക്കി കമ്മലുമൊക്കെ പണിത് കാലക്ഷേപം ചെയ്തു പോന്നു. കാലക്ഷേപം ചെയ്തു എന്നതിന് നന്നായി ജീവിച്ചു എന്നും, അറ്റപ്പറ്റെ ജീവിച്ചു എന്നും അർത്ഥ വ്യത്യാസം പറയാൻ കഴിയുന്നതു കൊണ്ട് തെളിച്ചു പറയാം. അന്ന് ഞങ്ങളുടെ അയലത്തും അകന്നും താമസ്സിക്കുന്ന ബന്ധുക്കളും സ്നേഹിതരും ജീവിച്ചിരുന്ന അത്ര നന്നായിട്ടല്ല, കഷ്ടിച്ച് കഴിഞ്ഞുകൂടി എന്നേ പറയാൻകഴിയൂ.

തല മൂത്തപ്പോൾ ഞങ്ങൾ മക്കളും കുലത്തൊഴിൽ ചെയ്തു ജീവിച്ചു കളയാം എന്നു തന്നയാണ് ചിന്തിച്ചത്. അങ്ങിനയേ ചിന്തിക്കൂ ഏതു കുലത്തൊഴിലുകാരനും. പക്ഷെ, പണിതു തുടങ്ങിയപ്പോഴാണ് മനസ്സിലാകുന്നത് ഞങ്ങൾ മക്കൾക്കും അപ്പനെപ്പോലെ താരമാലയും ജിമിക്കി കമ്മലും മാത്രമേ പണിയാൻ കവിയൂ എന്ന്. പക്ഷെ, ഞങ്ങൾ അപ്പനെ പോലെ ആയിരുന്നില്ല. സ്വപ്നം കാണുന്നവരായിരുന്നു. ചുറ്റും കണ്ണുള്ളവരായിരുന്നു. അയൽപക്കങ്ങളിലെ വികസനങ്ങൾ കാണുമ്പോൾ ആദ്യമൊക്കെ അസൂയയാണ് തോന്നിയത്. പിന്നാട് തിരിച്ചറിഞ്ഞു. അസൂയയെക്കാൾ നല്ലത് മറ്റ് ജോലികളിലേക്ക് പോകുന്നതാണെന്ന്. വിദഗ്ധ പണിപോലെ തന്നെ വിദ്യാഭ്യസവും ഞങ്ങളിൽ നിന്ന് അകന്നാണ് നിൽക്കുന്നതെന്ന് അപ്പോഴാണ് തിരിച്ചറിയുന്നത്. മക്കളിൽ മൂത്തവൻ സ്വർണ്ണപ്പണി വിട്ട് കല്പണിക്കാരനായി, രണ്ടാമത്ത ആൾ പലചരക്ക് കടയിലെ പൊതി കെട്ടുകാരനായി, മൂന്നാമത്തവനായ ഞാൻ വീടുകൾക്ക് പെയിന്റടിക്കുന്നവനും അനുജൻ ടെസ്റ്റുകളെഴുതി സർക്കാരിൽ പ്യൂണും പെങ്ങൾ

വീട്ടുപണികൾ പഠിച്ച് വിവാഹം ചെയ്ത് ജീവിതവും തുടങ്ങി. അവിടംകൊണ്ട് അവസാനിക്കുന്നില്ലല്ലോ ജീവിതം. വിവാഹം കഴിക്കണം, കുട്ടികളുണ്ടാകണം അവരെയൊക്കെ തീറ്റിപ്പോറ്റണം. അതൊക്കെയാണല്ലോ സമൂഹത്തിൽ നടക്കുന്നത്. സമൂഹത്തെ വിട്ട് നിൽക്കാനോ മാറി ചിന്തിക്കാനോ കഴിയുന്നവരല്ലൊ പൊന്നുമണി മൂപ്പരുടെ മക്കൾ. അതുകൊണ്ട് ഓരോരുത്തർ വിവാഹം കഴിച്ചപ്പോൾ വാടക വീട്ടിലേക്ക് മാറി കൊണ്ടിരുന്നു.

നാലു ആൺമക്കളും വിവാഹം ചെയ്ത്, ഗണേശൻ അടക്കം മൂന്നു പേർ മാറിത്താമസ്സിച്ചു വരവെ, സർക്കാർ പ്യൂണായ ഇളയവൻ അപ്പന്റെയും അമ്മയുടേയും കൂടെ തറവാടു വീട്ടിൽ വാടക കൊടുക്കാതെ ജീവിക്കുന്നതു കാണുമ്പോൾ മറ്റുള്ളവർക്ക് സഹിക്കുന്നതെങ്ങിനെ...... അമർഷം ഉള്ളിൽ വച്ചു കൊണ്ടു നടന്നു എല്ലാവരും. അപ്പൻ മരിച്ചപ്പോൾ മുറുമുറുപ്പ് പുറത്തു പറയാൻ ആലോചിച്ചതായിരുന്നു. അപ്പോൾ അമ്മയെ നോക്കുന്ന കാര്യം ചിന്തിച്ചപ്പോൾ, സംസാരം കുറച്ചു കൂടി നീട്ടുന്നതാണ് നല്ലതെന്ന് ഗണേശനും രണ്ടു ചേട്ടന്മാരും തീരുമാനിച്ചു, അമ്മയുടെ മരണം വരെ. അമ്മയുടെ പുലകുളി തീരും വരെ അങ്ങിനെ തന്നെ തുടർന്നു. പുലകുളി തീർന്ന നാൾ, ബന്ധുക്കൾ പിരിഞ്ഞപ്പോൾ ചേട്ടന്മാർ തറവാടിന്റെ കാര്യം ഇനിയെന്തെന്ന് ചോദ്യമുതിർത്തു. പക്ഷെ, അനുജൻ എന്തും ചെയ്യാൻ തയ്യാറായപ്പോൾ അവർ മക്കൾ മാത്രമറിഞ്ഞ് കാര്യങ്ങൾ തീരുമാനമാക്കി. തറവാട് വിറ്റു കിട്ടിയ പണം കൊണ്ട് നാലു ആൺമക്കളും മൂന്നും നാലും സെന്റ് സ്ഥലത്ത് സ്വന്തം കൂരകൾ തീർത്തു. മകൾക്ക് സന്തോഷത്തോടുകൂടി പാരിതോഷികം കൊടുത്തു. പക്ഷെ, ഇതൊന്നുമല്ല പറയാൻ വന്നത്, കഥ നടക്കുന്നത് പിന്നീട് അഞ്ച് വർഷങ്ങൾക്ക് ശേഷമാണ്.

സന്ധ്യ കിഴക്ക് നിന്ന് കയറി വരുന്നതേയുള്ളൂ. ജോലികഴിഞ്ഞ് ഒരു ഇടുങ്ങിയ വഴിയെ നടന്നു വരികയായിരുന്നു ഗണേശൻ. ടാർ വിരിച്ച പാതയിൽനിന്നും ഇടുങ്ങിയ വഴിയെ കയറിയാൽ അടുത്ത ടാർ വിരിച്ച പാതയിൽ കയറാം. വീട്ടിലെത്താനുള്ള ദൂരത്തിന്റെ പകുതി അങ്ങിനെ ലാഭിക്കാൻ കഴിയും. ആൾപ്പാർപ്പ് കുറഞ്ഞയിടം, പകലത്തെ ചൂടിൽ ആലസ്യമാണ്ട് കിടക്കുന്ന തരിശ്ശ് ഭൂമി, കുറച്ച് വേലിപ്പടർപ്പുകളും മണ്ട കരിഞ്ഞ തെങ്ങുകളും......

പെട്ടന്നാണ് കേട്ടത്, ഒറ്റപ്പെട്ട വീട്ടിൽ നിന്നുള്ള സ്ത്രീയിടെ കരച്ചിൽ... വഴിയിൽ നിന്നുതന്നെ ദൃശ്യമാകുന്ന, വാതിലടഞ്ഞു കിടക്കുന്ന വീട്ടിൽ

ആക്രമിക്കപ്പെടുന്ന സ്ത്രീയുടെ, അല്ല ഒരു പെൺകുട്ടിയുടെ കരച്ചിൽ..... പിന്നീടവന് മുന്നോട്ട് നടക്കാനായില്ല. ആ വീട്ടിൽ നിന്നും വഴിയിലേക്കിറങ്ങുന്ന പാതയെ മറികടക്കാൻ അവന് ഭയം തോന്നി, വല്ലാത്തൊരു വിറയൽ...

വീട്ടിൽ നിന്നുള്ള ശബ്ദങ്ങൾ ഉച്ചത്തിലായിട്ട് ഒടുങ്ങിയപ്പോൾ അവന്റെ വിറയൽ കുറഞ്ഞു. ശരീരം ശാന്തമായി വന്നപ്പോൾ മുന്നോട്ട് നടന്നു. നീങ്ങവെ, വീട്ടിൽ നിന്ന് മൂന്നുപേർ പുറത്തേക്ക് വന്നു.

അവന്റെ കണ്ണുകൾക്കു മുന്നിൽ....

അവരുടെ കണ്ണുകൾക്ക് മുന്നിൽ അവനും.....

പെട്ടന്നവർ ഓടി വീടിന്റെ പിന്നാമ്പുറത്തു കൂടി കയ്യാലകൾ കയറി അടുത്ത പറമ്പിലെ വൃക്ഷങ്ങളുടെ, സന്ധ്യയുടെ മറവിലേക്ക് ലയിച്ചു. അവൻ പിന്നിലേക്ക് ഓടി ഇടുങ്ങിയ വഴിയിൽ കയറിയ ടാർ വിരിച്ച പാതയിലൂടെ വീട്ടിലേക്ക് നടന്നു. ആരോടും ഒന്നും പറഞ്ഞില്ല. വീട്ടിലും നിശബ്ദനായിരുന്നു. അവന് പനിക്കുന്നുണ്ടെന്ന് സജിത കണ്ടെത്തി. നെറ്റിയിൽ ഉപ്പുനീർ നനച്ച് ഒരു കീറ് തുണി ഒട്ടിച്ചു. ചുക്കും കുരുമുളകും തുളസിയിലയും ഇട്ട് തിളപ്പിച്ച്, കഷായം കുടുപ്പിച്ചു. അവന്റെ പനി വിടുകയോ വിയർക്കുകയോ ചെയ്തില്ല. നേരും പുലരും വരെ കിടുകിടുത്തു വിറച്ചിരുന്ന അവനെ പുതപ്പിച്ച്, കെട്ടിപ്പിടിച്ച് അവൾ ഉറങ്ങാതെ കിടന്നു.

അവൻ നാവിറങ്ങിപ്പോയതുപോലെ ഒന്നും പറഞ്ഞില്ല. എന്നും ജോലിക്കു പോകും പോലെ അന്നും പോയി. സാധാരണയായി ചെയ്തിരുന്ന യാത്ര പറച്ചിലും ചിരിയും കളിയും സന്തോഷവും കണ്ടില്ല. സജിതക്കതിൽ സംശയങ്ങൾ ഉണ്ടായി അവൾ എന്തൊക്കയൊ ചോദിച്ചു കൊണ്ടിരുന്നു. അവൻ നിസ്സഹായനായി നോക്കുക മാത്രം ചെയ്തു. അവൾക്ക് അതൊട്ടു മനസ്സിലായതുമില്ല. അവൻ പോകുന്നതു നോക്കി നിന്നു. അവൻ തിരിഞ്ഞു നോക്കിയതേയില്ല.

അവൻ അന്ന് ജോലി സ്ഥലത്തേക്ക് പോയില്ല. തലേന്നാളത്തെ കാഴ്ചകൾക്ക് ബാക്കി കിട്ടാവുന്ന ദൃശ്യങ്ങൾ തേടി ആൾക്കൂട്ടത്തിനിടയിൽ ആരാലും ശ്രദ്ധിക്കപ്പെടാതെ കണ്ടു നിന്നു.

ആ വീട്ടിൽ ഒരു പെൺകുട്ടി കൊല്ലപ്പെട്ടു. അതിന്റെ ബാക്കി വിശേഷങ്ങൾ അവിടെ നടന്നു കൊണ്ടിരുന്നു. അവിടെ അവൻ ഒരു സാധാരാണ കാഴ്ചക്കാരൻ മാത്രമായി.

വീട്ടിനുള്ളിൽ ഒരു മുറിയിൽ നിലത്താണ് പെൺകുട്ടി കിടക്കുന്നത്. അവന് ജനാല വഴി കാണാം. അവന് മുന്നിൽ കുറെപ്പേർ അതു കണ്ട് നിൽക്കുന്നുണ്ട്. മുറിക്കുള്ളിൽ പോലീസുകാരുണ്ട്, യൂണിഫോമില്ലാത്ത പലരുമുണ്ട്. ഫോട്ടോ എടുക്കുന്നുണ്ട്. അടുത്ത മുറിയിൽ നിലത്ത് തന്നെ പെൺകുട്ടിയുടെ അമ്മ തളർന്ന കിടക്കുന്നുണ്ട്, നിലത്ത് കുന്തിച്ചിരിക്കുന്നത് അച്ഛനാകാം. അവരെ സാന്ത്വനപ്പെടുത്തുന്നതിനായി കുറെ ബന്ധുക്കളുമുണ്ട്. മറ്റ് പലരുമുണ്ട്.

അന്നു മുഴുവൻ അവിടെ കറങ്ങി നടന്നു. പോലീസ് പോയിക്കഴിഞ്ഞ്, പെൺകുട്ടിയെക്കൊണ്ട് ആമ്പുലൻസ് പോയിക്കഴിഞ്ഞിട്ടും കാഴ്ചക്കാർ പിരിഞ്ഞു കഴിഞ്ഞിട്ടും, ബന്ധുക്കൾ മാത്രം വീട്ടിലും പരിസരത്തും തുടർന്നപ്പോഴും അവൻ റോഡിൽ എന്തോ തിരയുന്നതുപോലെ സന്ധ്യവരെ തങ്ങി നിന്നു. പിന്നീട് അടുത്ത നാല്കവലയിൽ, അതിനടുത്ത മുക്കവലയിൽ പലരും പറയുന്നതു കേട്ടു നടന്നു.

പെൺകുട്ടിക്കെതിരെ ലൈംഗീകപീഡനശ്രമം നടന്നിട്ടുണ്ട്, ആഗ്രഹം തടസ്സപ്പെടുത്തിയപ്പോൾ കൊലചെയ്യേണ്ടി വന്നതാണ്.... ചെയ്തത് അന്യനാട്ടുകാരാണ്... അപരിചിതരാണ്.... അല്ല....നാട്ടുകാരാണ്....പെൺകുട്ടിക്ക് മുമ്പ് പരിചയമുള്ളവരാണ്... ഒറ്റയ്ക്ക് ഉണ്ടാകുന്ന സമയം നോക്കി വന്നിട്ടുള്ളതാണ്. വിദ്യാർത്ഥിയായിരുന്നു. ഇളയകുട്ടികൾ സ്കൂൾ വിട്ടെത്തിയിരുന്നില്ല.

ഗണേശൻ വളരെ വൈകിയാണ് വീട്ടിലെത്തയത്. തളർന്ന് അവശതയുള്ള അവന്റെ മുഖം, ദേഹം സജിതക്ക് വേഗം മനസ്സിലായി. അവന്റെ മണം ഇന്ന് ജോലി ചെയ്യാത്ത ആളുടേതാണെന്നന് അവൾ തിരിച്ചറിഞ്ഞു.

എന്താണേട്ടാ....

ഒന്നും പറയാൻ കഴിയാതെ അവൻ അവളുടെ കണ്ണുകളിൽ നോക്കിയിരുന്നു. കുട്ടികൾ തറയിൽ വിരിച്ച പായയിൽ ഉറക്കമായിരുന്നു. അവളോട് ചേർന്നു അവൻ ഇരുന്നു. അവന്റെ കണ്ണുകളിലെ ഭീതി അവൾക്ക് കാണാൻ കഴിയുന്നുണ്ട്.

അവൾ വീണ്ടും വീണ്ടും എന്താണ് കാര്യമെന്ന് തിരക്കി. മെല്ലെ അവനെല്ലാം പറഞ്ഞു.

ഗണേശൻ പിന്നീടി അതു വഴി പോയില്ല. സജിതയുടെ സാന്ത്വനം, കഥകൾ പറഞ്ഞ് മനസ്സിനെ ഉണർത്തൽ, ജീവിതത്തെകുറിച്ച് ഓർമ്മപ്പെടുത്തൽ, എല്ലാമായി അവൻ പെയിന്റിംഗ് ജോലിയിലേക്ക് തിരിച്ചു വന്നു. അതു വഴി താണ്ടി പോകേണ്ടിയിരുന്ന പണിയിടത്തു നിന്നും കരാറു പണിക്കാരനോട് മുട്ടായുക്തികൾ പറഞ്ഞ് സ്ഥലംമാറ്റം വാങ്ങി.

ഭിത്തിയിൽ പുട്ടി വിരിച്ചും, സാൻ പേപ്പർ കൊണ്ട് ഉരച്ച് മിനുക്കിയും ശ്വാസകോശത്തിൽ പൊടികയറാതെ മാസ്കും വച്ചും അവൻ ജോലികൾ ചെയ്തു വന്നു. അവന്റെ ആശാൻ അവനെക്കൊണ്ട് ഒരിക്കൽ പോലും കളർ മിക്സ് ചെയ്യിച്ചില്ല. സമയം കളയാതെ ജോലി ചെയ്തു വന്നിരുന്നെങ്കിലും, ചെയ്യുന്ന ജോലിയിൽ വൃത്തിയുണ്ടെങ്കിലും കളർ സെന്സ് കുറവാണെന്ന് ആശാൻ ഇടക്കിടക്ക് പറഞ്ഞു കൊണ്ടിരുന്നു. അക്കഥകൾ കേൾക്കുമ്പോൾ സ്ഥിരമായി സജിത പറയുന്ന ഒരു മറുപടിയുണ്ട്.

നിങ്ങളെ എന്നന്നേക്കുമായിട്ട് കൂടെ നിർത്താനുള്ള ആശാന്റെ ബുദ്ധിയാണതെന്ന്. പക്ഷെ അവനതിൽ പരാതിയും കുശുമ്പും തോന്നിയില്ല. അവന് നിത്യവും ജോലി വേണം, കൂലിയും......

ജീവിതം തെറ്റില്ലാതെ മുമ്പോട്ടു പോയി. വല്ലപ്പോഴും കൂട്ടുകൂടുമ്പോൾ രണ്ട് പെഗ്ഗടിച്ച് മിനുങ്ങി, ദിവസവും മൂന്നു നാലു സിഗററ്റ് വലിച്ച്, ചിലപ്പോഴൊക്കെ വെറ്റിലകൂട്ടി മുറുക്കി.....ആഴ്ചയിലൊരിക്കൽ വീട്ടിലേക്ക് രണ്ടു കിലോ ബീഫ് വാങ്ങി, ചൊവ്വാഴ്ചയും വ്യാഴാഴ്ചയും ചാള മീൻ വാങ്ങി... മാസത്തിലൊരിക്കൽ ഭാര്യയെയും മക്കളെയും കൂട്ടി ഒരു സിനിമക്ക് പോയി. സന്തോഷമായിട്ടങ്ങിനെ കഴിഞ്ഞു വന്നിരുന്ന അവൻ പലതും മറക്കുന്നുണ്ടെന്ന് സജിത തിരിച്ചറിയുന്നുണ്ട്. എനിക്ക് വല്ലാത്ത മനസ്സാക്ഷികുത്തുണ്ടെന്ന് ഇടക്കിടക്ക് പറയുകയും ചെയ്യുന്നതു കേൾക്കുമ്പോൾ അവൾക്ക് പേടിയുമുണ്ട്. അയൽ പക്കത്തു വീട്ടിൽ വരുന്ന പത്രം അവളെന്നും വായിച്ചുതുടങ്ങി, ടിവിയിൽ വരുന്ന പെൺകുട്ടിയെ കുറിച്ചുള്ള വാർത്ത സ്ഥിരം ശ്രദ്ധിച്ചു പോന്നു, കാര്യകാരണങ്ങൾ സഹിതം എന്നും അവനോട് സംസാരിച്ചും വന്നു.

ഒരു രാത്രി....

അവൻ ജോലി ചെയ്ത വീടിന്റെ കയറി പാർക്കുന്നതിന്റെ വകയിൽ കഴിച്ച അമിത ഭക്ഷണത്തിന്റെ ആലസ്യവും ഭക്ഷണം ദഹിക്കാനായിട്ട് കഴിച്ച മദ്യത്തിന്റെ ലഹരിയും ശരീരത്തെ തളർത്തിയിരുന്നു. വീട്ടിലെത്താൻ ഇനിയും ഒരു കിലോമീറ്റർ നടക്കേണ്ടിയിരുന്നു. ആൾപ്പാർപ്പ് കുറഞ്ഞിടത്ത് മന്നു പേർ അവനെ വഴിയിൽ തടഞ്ഞു. ഇരുട്ടിൽ ആമുഖങ്ങൾ ആദ്യം വ്യക്തമായില്ല.

ഗണേശാ നീ ഞങ്ങളെ ഓർക്കുന്നോ....

എതിരെ വന്ന വാഹനത്തിന്റെ വെളിച്ചത്തിൽ ആ മുഖങ്ങൾ

അവൻ കണ്ടു. അവന് ഓർമ്മിക്കാൻ കഴിയുന്നുണ്ട്. പെൺകുട്ടി കൊല ചെയ്യപ്പട്ട അന്ന് അവന് അഭിമുഖമായി വന്ന മൂന്നു പേർ.... അവനെ കണ്ടിട്ട് വീടിന്റെ പിന്നാമ്പുറത്തു കൂടി ഓടി അകന്നവർ.....

ഒരാൾ പറഞ്ഞു.

ഒരുത്തനെ പോലീസു പിടിച്ചിട്ടുണ്ട്.... ആ പെണ്ണിനെ കൊന്ന കേസ്സിൽ ....അവൻ സമ്മതിക്കുകയും ചെയ്തു.... നീ അന്ന് അവനെയാണ് കണ്ടതെന്ന് പോലീസിൽ പറയണം.....

അതിന് ഞാനൊന്നു കണ്ടിട്ടില്ലല്ലോ....

ഹേയ്....കണ്ടിട്ടില്ലായിരിക്കാം.... പക്ഷെ, നീ അവൻ വീട്ടിൽ നിന്നും ഇറങ്ങി പോകുന്നതു കണ്ടെന്നങ്ങ് പറഞ്ഞാൽ മതി....

ഹേയ്....ഞാനൊന്നും കണ്ടിട്ടില്ല....എനിക്ക് ഒന്നും അറിയുകേമില്ല....

അതു പോരല്ലൊ ഗണേശാ.... നീ കണ്ടെന്ന് പറയണം.... അത് അവനെ തന്നെ ആണെന്ന് പറയുകയും ചെയ്യണം.....

അയ്യോ...എന്നെക്കൊണ്ട് അതിനൊന്നും കഴിയില്ല....

ഇരുമ്പു വടികൊണ്ട് തലക്കു പിന്നിൽ ശക്തിയായൊരു അടിയാണ് ആദ്യം കിട്ടിയത്... പിന്നീട് ദേഹത്ത് പലയിടത്തും...

ബോധം മറഞ്ഞു പോയി. ഉണർന്നപ്പോൾ സർക്കാർ ആശുപത്രിയിലെ കട്ടിലിൽ..... അരുകിൽ സജിതയും....

ബോധം നന്നായി തെളിഞ്ഞപ്പോൾ സജിത ചോദിച്ചു....

എന്താ ചേട്ടാ പറ്റിയത്....

അവൻ ഓർക്കാൻ ശ്രമിക്കുമ്പോൾ സജിത വീണ്ടു പറഞ്ഞു.

വണ്ടി മുട്ടിയതാണെന്നാണ് ഇവിടെ കൊണ്ടു വന്നവർ പറഞ്ഞത്, ചേട്ടൻ നല്ല വെള്ളത്തിലായിരുന്നു, വണ്ടിക്കു മുന്നിലേക്ക് ചാടുവാരുന്നു. കേസ്സൊന്നും വേണ്ടെന്ന് പറഞ്ഞ് അവര് ചെലവിന് കാശു തന്നു.

ആണോ.... ആയിരിക്കാം....

കൊണ്ടു വന്നത് അവർ തന്നെ ആയിരിക്കാം. വണ്ടിമുട്ടിയതാണെന്ന് അവരൊരു കഥയുണ്ടാക്കിയതുമാകാം. ഗണേശൻ മറ്റൊന്നും ആരോടും പറഞ്ഞില്ല. വണ്ടി മുട്ടിയതു തന്നെയെന്ന് സ്വയം തീരുമാനിക്കുകയും ചെയ്തു.

മാസങ്ങൾ കഴിഞ്ഞ് ആശുപത്രി കട്ടിലിൽ നിന്ന് എഴുന്നേറ്റ് നടന്നു തുടങ്ങിയപ്പോൾ മനസ്സിലായി ഇടതുകാലും ഇടതു കൈയ്യും തളർന്നു പോയിരിക്കുന്നു. ചുണ്ടുകൾ ഒരു വശത്തേക്ക് കോടിയിരിക്കുന്നു, ഇടത് കണ്ണിന്റെ കാഴ്ച കെട്ടിരിക്കുന്നു.

വികലാംഗനാക്കപ്പെട്ടിരിക്കുന്നു, ഭിന്നശേഷിക്കാരനെന്നും പറയാം.....

ജീവൻ തിരിച്ചു കിട്ടിയല്ലോ... അതുമതി... തെണ്ടിയായാലും ജീവിക്കാം...

ആശുപത്രി ഡിസ്ച്ചാർജ് പേപ്പർ നോക്കിയിരിന്ന് വല്യേട്ടൻ അങ്ങിനെ പറയുമ്പോൾ ഗണേശന്റെ മനസ്സ് കലങ്ങി. അപ്പോൾ വല്യേട്ടൻ പിന്നെയും പറഞ്ഞു.

നീ വെഷമിക്കാൻ പറഞ്ഞതല്ല.... പണിയൊക്കെ വല്യ കഷ്ടത്തിലാണ്... ഒരുത്തന്റെയും കയ്യിൽ കാശില്ല... തീരെ പണിയില്ല....

വീട്ടിൽ തിരിച്ചെത്തി, വിശ്രമിക്കണമെന്ന് ഡോക്ടർ പറഞ്ഞ കാലഘട്ടത്ത്, നിലത്ത്, വെള്ള പൂശാതെ ഇരുണ്ടു പോയ വാർക്ക നോക്കി കിടക്കുമ്പോൾ അവർ വീണ്ടും വന്നു.

ഗണേശാ.... നീ തെണ്ടി ജീവിക്കുകയൊന്നും വേണ്ട....നിനക്കെന്തെങ്കിലും പണിയെടുത്തു ജീവുക്കാനുള്ള സഹായം ചെയ്യാം....അതുവരെ ചെലവിലനുള്ളത് ഇവിടെ എത്തിച്ചു തരാം. പക്ഷെ, നീ ഒരിക്കലും കോടതിയിൽ വരരുത്, പോലീസിൽ വരരുത്..... വന്നാൽ..... നിനക്കൊരു മകളുണ്ടെന്ന് ഓർക്കണം..... കാണാൻ കൊള്ളാവുന്ന ഭാര്യയാണുള്ളതെന്ന് ഓർക്കണം.....നീണ്ട വല്യ ഒരു ജീവിതമുണ്ടെന്ന് ഓർക്കണം....എന്തെങ്കിലും സംഭവിച്ചു പോയാൽ നിനക്കു വേണ്ടി ചോദിക്കാൻ ഈലോകത്ത് ഒരു പട്ടിയും ഉണ്ടാകില്ലെന്ന് ഓർക്കണം.... നിനക്ക് ഒരു തോന്നലുണ്ടാകാം നിന്റെ ജാതിക്കാരുണ്ടാകുമെന്ന്....വെറുതെയാ..... അവരെക്കൊണ്ട് കൂട്ടിയാലലൊന്നും കൂടുന്ന ബന്ധമല്ല ഞങ്ങൾക്കുള്ളത്......പിന്നെ നിനക്ക് വീടുതന്ന രാഷ്ട്രീയക്കാര്... അവര് കൊറച്ച് കാശുകിട്ടിയാൽ ഞങ്ങളു പറയുന്നതേ കേൾക്കുവൊള്ളൂ.... അതു കൊണ്ട്

ഗണേശാ നീ ഞങ്ങൾ പറയുന്നതു കേട്ട് മാനം മര്യാദയായിട്ട് ജീവിക്കാൻ നോക്ക്......നിനക്ക് പകരം ഞങ്ങൾ ഒരു ദൃക്സാക്ഷിയെ ഒണ്ടാക്കിയിട്ടുണ്ട്.....അവനാ ദൃക്സാക്ഷിയെന്ന് അയലത്തുകാര് തിരിച്ചറിഞ്ഞിട്ടുണ്ട്......അതു കൊണ്ട് ഗണേശാ..........

അവർ സജിതയുടെ മുന്നിൽ വച്ചാണ് കാര്യങ്ങൾ വ്യക്തമാക്കിയത്, അതുകൊണ്ട് അവരുടെ സംസാരം പിന്നീടൊരു കഥയാക്കേണ്ടി വന്നില്ല ഗണേശന്, വേഗം തീരുമാനമാക്കാനും കഴിഞ്ഞു.... സജിത പ്രായോഗികമതിയായതുകൊണ്ട് കൂടിയാലോചനയും വേണ്ടി വന്നില്ല. അപ്പോൾ തന്നെ സമ്മതമാണെന്ന് പറയാനും കഴിഞ്ഞു.

അങ്ങിനെ ഗണേശൻ ലോട്ടറി കച്ചവടക്കാരനാകുകയായിരുന്നു.

മാസങ്ങളോളം നീണ്ടു നിന്ന ചാനൽ കഥകളും പത്ര വാർത്തകളും തീർക്കാൻ പുതുജേർണലിസ്റ്റുകൾക്ക് കഴിഞ്ഞു, വായിച്ചു കോൾമയിർ കൊള്ളാൻ സമ്പൂർണ്ണ സാക്ഷരത നേടിയ മലയാളി സമൂഹത്തിനും. ഗണേശൻ പത്രം വായിക്കുകയോ ടിവി കാണുകയോ ചെയ്തില്ല, ലോട്ടറിയുടെ റിസൾട്ടിന് പോലും ഓൺലൈനിനെ സമീപിച്ചു. സജിത പത്രം വായിച്ച്, ടിവി കണ്ട് എന്നും അവനോട് കഥകൾ പറഞ്ഞു. അവൻ നിശ്ശബ്ദനായിരുന്നു കേൾക്കും കുറെ നേരം, എന്നിട്ട് ദീർഘമായി നിശ്വസിച്ച് പായിൽ ചുരുണ്ടു കൂടി കിടക്കും.... ചില ദിവസങ്ങളിൽ സങ്കടം സഹിക്കാൻ കഴിയാതെ അവൻ പൊട്ടിക്കരയും.

അപ്പോൾ അവൾ നൈറ്റി ഊരിമാറ്റി അവനെ നിറഞ്ഞ മാറിലേക്ക് ചേർത്ത് സാന്ത്വനിപ്പിച്ച് ഉറക്കും. ചില ദിവസ്സങ്ങളിൽ അവന്റെ മനസ്സ് കൂടുതൽ ആർദ്രമായിരിക്കും. അന്നവൾ ദേഹത്തുനിന്നും എല്ലാ തുണികളും നീക്കി അവനെ അലിയിച്ച് തന്റേതാക്കും...... ഒരു നാൾ എല്ലാം തിർന്നെന്ന് സജിത പറഞ്ഞു... കേസു വിധിയായി... പ്രതിയെ വെറുതെ വിട്ടു, പ്രോസിക്കൂഷന് കേസു തെളിയിക്കാൻ കഴിഞ്ഞില്ല... സംശയത്തിന്റെ ആനുകൂല്യം കുറ്റവാളിക്ക് കിട്ടി.... മേൽക്കോടതിയിൽ പോകാൻ കഴിയില്ലെയെന്ന് ഗണേശൻ സംശയം ചോദിച്ചു.

അതിന് ആരിരിക്കുന്നു... ആ പെൺകൊച്ചിന്റെ വീട്ടുകാർ ഇപ്പോൾ നല്ലനെലയിലാ കഴിയുന്നത്... നല്ല വീട്, കാറ്, തള്ളക്ക് സർക്കാർ ജോലി. അച്ഛന് നല്ല വസ്ത്രങ്ങൾ എന്നും ബാറിൽ പോയിരുന്നു കുടിക്കാൻ കാശ്.... എല്ലാമെവിടുന്നാ....ജോണേട്ടന്റെ മോള് എലിസ മൊബൈലിൽ, തള്ള ബ്യൂട്ടി പാർലറിൽ നില്ക്കുന്ന ഫോട്ടോ കാണിച്ചു തന്നു....എന്നാ സ്റ്റൈലാണെന്നറിയുമോ.....

ഗണേശൻ രണ്ടു ദിവസം ലോട്ടറി കച്ചവടത്തിന് പോയില്ല, പായിൽ തന്നെ കിടന്നു. കുട്ടികൾ സ്കൂളിൽ പോയിക്കഴിഞ്ഞ് സജിതയും അവന്റെ കൂടെ കിടന്നു. ഇടക്കിടക്ക് അവൻ പിച്ചും പേയും പറഞ്ഞു, അത് നമ്മുടെ മോളായിരുന്നെങ്കിലോ...... അപ്പോൾ അവൾ അവനെ ദേഹത്തോട് കൂടുതൽ ചേർത്ത് ഞെക്കി പൊട്ടിക്കരഞ്ഞു........ കരഞ്ഞു കരഞ്ഞ് രണ്ടുപേരും ദുഃഖം ഒതുക്കി.

നിലത്തും, ഉള്ള കസേരയിൽ ഇരുന്നും, ഉള്ളിടത്തൊക്കെ നിന്നും അവരൊക്കെ ഊണു കഴിച്ചു. കുത്തരിച്ചോറും സാമ്പാറും അവിയലും ഒരു തോരനും തൊട്ടുകൂട്ടാൻ ഉണക്കച്ചെമ്മീൽ പൊടിച്ചതും......

വല്യേട്ടൻ പറഞ്ഞു.

ഗണേശാ സന്തോഷമായി...എല്ലാം നന്നായി.....സജിതയുടെ കൈപുണ്യം...

സജിത ഷോൾഡർ ഉയർത്തി അഭിമാനം കൊള്ളുന്നത് കണ്ട് ഗണേശനും സന്തുഷ്ടനായി....

ഗണേശാ ഞങ്ങളെല്ലാരുംകൂടി വന്നത്.....ബംബർ അടിച്ച വകയിൽ നിനക്കും പത്തു പതിനഞ്ച് കിട്ടില്ലെ.... നീ ഞങ്ങളെയൊന്നും മറക്കല്ലെന്ന് പറയാനാ....

ഗണേശൻ വല്ലാത്തൊരു അങ്കലാപ്പിലായി, സജിതയോടു സംസാരിക്കാതെ എന്തു മറുപടി പറയുമെന്ന് ചിന്തിച്ചിട്ട്.

വല്യേട്ടാ.... അത് കിട്ടിവരാൻ അഞ്ചാറു മാസമെടുക്കും.....

എന്നാലും ഇപ്പത്തന്നെ ഒരു തീരുമാനത്തിലെത്തുന്നതു നല്ലതല്ലെ....നിനക്കറിയാമല്ലോ ഞങ്ങടെയൊക്കെ കാര്യം..... എല്ലാവരും അത്യാവശ്യക്കാരാ........ നിനക്കാണെങ്കിൽ ഇനിയും ലോട്ടറി വിൽക്കുമ്പോൾ കിട്ടുകയും ചെയ്യാം...

അത്.... വല്യേട്ടാ.... ഗണേശൻ ചേട്ടൻ എല്ലാർക്കും വേണ്ടതൊക്കെ ചെയ്യും.......

സജിത അവസരോചിതമായി കാര്യത്തിൽ ഇടപെട്ടു. ഗണേശൻ രക്ഷപെടുകയും ചെയ്തു.

ഒവ്വാ....അറിയാം.....എന്നാലും വല്യേട്ടനെന്ന നെലയിൽ കാര്യങ്ങൾ പറയേണ്ടത് ഞാനാണല്ലൊ....

ഓ.....അതു ശരിയാ......

എന്നാ നിങ്ങളൊക്കെയിരിക്ക്....എനിക്ക് കുറച്ച് ടിക്കറ്റു കൂടി വിൽക്കാനുണ്ട്... വെയിലാറിയിട്ട് എല്ലാരും ചായയൊക്കെ തെളപ്പിച്ച് കുടിച്ചിട്ട് ഇറങ്ങിയാൽ മതി.....

ഇല്ല ഗണേശാ... ഇനി അധികം ഇരിക്കുന്നില്ല....ഓരോരുത്തർക്കും ഓരോ ആവശ്യങ്ങളില്ലെ..... അവൾക്കാണേൽ ഇപ്പം ഇറങ്ങിയാലേ സന്ധ്യക്ക് മുമ്പ് അവിടെ എത്താൻ കഴിയൂ.....

അത് പെങ്ങളെ ഉദ്ദേശിച്ചാണ്.

യാത്രപറഞ്ഞ് ഓരോരുത്തരും ഇറങ്ങിയപ്പോൾ ഗണേശന് സമാധാനമായി, അങ്ങിനെ ഒരു വിഷയം തീർന്നിരിക്കുന്നു.